ബൈഫർക്കേറ്റ് ചെയ്ത് ഒരേ കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതിക്കായി 2002-ൽ പി. ടി. എ. യിൽ നിന്ന് നിവേദനം ലഭിച്ചിരുന്നോ;

(ബി) ഇത് സംബന്ധമായി കീഴ് ഓഫീസുകളിൽനിന്ന് ആവശ്യമായ റിപ്പോർട്ടുകളും ലഭിച്ചിട്ടും നടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിന്റെ ആവശ്യകത മനസ്സിലാക്കി പ്രസ്തുത നിവേദനത്തിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിൽ, ഹൈസ്കൂൾ സെക്ഷനിൽമാത്രം 1500 കുട്ടികളിൽ കവിയുകയാണെങ്കിൽ മാത്രമേ പ്രസ്തുത സ്കൂൾ വിഭജനത്തിനായി പരിഗണിക്കപ്പെടുകയുള്ളൂ. ഇത്തരത്തിൽ സ്കൂൾ വിഭജനം നടത്തിയാൽപ്പോലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും. അതിനാൽ 16-6-2003-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 161/03/പൊ. വി. വ. ലെ വ്യവസ്ഥകൾ അനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

(സി) സർക്കാർ ഉത്തരവ് (എം. എസ്.) നം. 161/03/പൊ. വി. വ. തീയതി 16-6-2003-ലെ വ്യവസ്ഥകൾക്ക് അനുസരണമായി മാത്രമേ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കാൻ നടപടി

84 [2395] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) കായിക മേഖലയിൽ കുട്ടികളുടെ ഭക്ഷണരീതി ക്രമീകരിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കായിക വിദ്യാഭ്യാസത്തിന് ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ;

(ഡി) കായിക അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 129 സ്കൂളുകളിലെ കായികതൽപ്പരരായ കുട്ടികളെ കണ്ടെത്തി അവർക്ക് അഞ്ചാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡുവരെ വിവിധ കായികയിനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. കൂടാതെ ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ച് ഇതിലൂടെയും പരിശീലനം നൽകുന്നുണ്ട്. സംസ്ഥാന കായിക മൽസരവിജയികൾക്ക് പ്രൈസ് മണിയും ദേശീയ മൽസരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാ ക്രമം 5,000, 4,000, 3,000 രൂപ വീതം ക്യാഷ് അവാർഡും നൽകുന്നുണ്ട്. ഇതിനുപുറമേ പ്രസ്തുത വിദ്യാർത്ഥികൾക്ക് എസ്. എസ്. എൽ. സി., ഹയർ സെക്കൻററി, വൊക്കേഷണൽ ഹയർ സെക്കൻററി പരീക്ഷകൾക്ക് ഗ്രെയ്സ് മാർക്കും നൽകുന്നുണ്ട്. കായികരംഗത്തെ സമർത്ഥരായ 120 കുട്ടികളെ വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സബ്ജില്ല, ജില്ലാ സോണൽ മൽസരങ്ങളിലൂടെ തെരഞ്ഞെടുത്ത് ജി. വി. രാജ സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷൻ സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിൽ പ്രവേശനം നൽകുന്നു. ഇവരുടെ 10-ാം ക്ലാസ്സുവരെയുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നു. സംസ്ഥാന ദേശീയ കായിക മൽസരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവെച്ച 21 സ്കൂളുകൾക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിലേക്കായി 10,25,000 രൂപ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ നൽകിയിരുന്നു.

(ബി) കായിക മേഖലയിൽ ഡയറക്ടറേറ്റിന്റെ സേവനം അനിവാര്യമാണോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇല്ല. കഴിഞ്ഞ നാല് വർഷമായി ഇതിലേയ്ക്കാവശ്യമായ തുക അഡീഷണൽ ആതറൈസേഷനിലൂടെയാണ് അനുവദിക്കുന്നത്.

(ഡി) കായിക അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സ് നൽകുന്നുണ്ട്. 18 വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുത്ത കായികാദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള റിഫ്രഷർ കോഴ്സ് 2005 മേയ് മാസത്തിൽ നടത്തിയിരുന്നു. ബാക്കിയുള്ള 19 വിദ്യാഭ്യാസ ജില്ലകളിലെ കായികാദ്ധ്യാപകർക്കുള്ള റിഫ്രഷർ കോഴ്സ് കാലതാമസം കൂടാതെ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീമതി എം. യശോദ ട്രേഡ്സ്മാനായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ

85 [2396] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെൻറ് പോളിടെക്നിക്ക് കോളേജിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി എം. യശോദ തസ്തിക മാറ്റം വഴി ട്രേഡ്സ്മാനായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി 16-2-2004-ന് പോളിടെക്നിക്ക് പ്രിൻസിപ്പൽ മുഖേന സമർപ്പിച്ച അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly